# ജില്ലാ ബാങ്ക് വാർത്ത

കാസർകോട് ജില്ലാ സഹകരണ ബാങ്ക് ന്യൂസ് ബുള്ളറ്റിൻ

പുസ്തകം ഒന്ന് ലക്കം ആറ് നവംബർ 2012


# ഫാർമേഴ്സ് ക്ലബ്ബുകൾ വഴി കാർഷികമേഖല ശക്തിപ്പെടുത്തണം : കെ കുഞ്ഞിരാമൻ എം.എൽ.എ

## ചൈതന്യ ഫാർമേഴ്സ് ക്ലബ്ബ് പ്രവർത്തനം ആരംഭിച്ചു



*ജില്ലാ സഹകരണ ബാങ്ക് ചെറുവത്തൂർ ശാഖയുടെ കീഴിൽ രൂപീകരിച്ച ചൈതന്യ ഫാർമേഴ്സ് ക്ലബ്ബിന്റെ ഉദ്ഘാടനം കെ കുഞ്ഞിരാമൻ എം.എൽ.എ നിർവ്വഹിക്കുന്നു.*

**ചെറുവത്തൂർ:**ഫാർമേഴ്സ് ക്ലബ്ബുകൾപോലുള്ള കൂട്ടായ്മകളിലൂടെയും ആധുനിക കൃഷിരീതികൾ പ്രയോജനപ്പെടുത്തിയും കാർഷിക മേഖലയെ ശക്തിപ്പെടുത്താൻ കൃഷിക്കാർക്ക് കഴിയണമെന്ന് കെ കുഞ്ഞിരാമൻ എം.എൽ.എ അഭിപ്രായപ്പെട്ടു. ജില്ലാ സഹകരണ ബാങ്ക് ചെറുവത്തൂർ ശാഖയുടെ കീഴിൽ നബാർഡിന്റെ ധനസഹായത്തോടെ രൂപീകരിച്ച ചൈതന്യ ഫാർമേഴ്സ് ക്ലബ്ബിന്റെ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ചെറുവത്തൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് അംഗം വി ചന്ദ്രൻ അധ്യക്ഷതവഹിച്ചു. മുഖ്യാതിഥിയായ നബാർഡ് എ.ജി.എം എൻ ഗോപാലൻ പദ്ധതി വിശദീകരിച്ചു. ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ മുഖ്യപ്രഭാഷണം നടത്തി. കൃഷിവകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ എസ് സുനിൽകുമാർ, ഡോ. വി വി പ്രദീപ്കുമാർ, സി.ഡി.എസ് ചെയർപേഴ്സൺ കെ ജയശ്രീ, ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ, ചെറുവത്തൂർ ശാഖ സീനിയർ മാനേജർ പി വി ചന്ദ്രമോഹനൻ, പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് എന്നിവർ പ്രസംഗിച്ചു.

തുടർന്ന് നടന്ന സെമിനാറിൽ നെൽകൃഷി- ശാസ്ത്രീയ കൃഷിരീതികൾ എന്ന വിഷയത്തിൽ കിനാനൂർ-കരിന്തളം കൃഷി ഓഫീസർ വീണാറാണി ക്ലാസെടുത്തു. ജില്ലാ സഹകരണ ബാങ്ക് അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ സ്വാഗതവും ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് ഇ നാണു നന്ദിയും പറഞ്ഞു.

## അന്ത്യാഞ്ജലി

**മരണം : 2012 നവംബർ 4**

കുടുംബാംഗങ്ങൾ-ഭാര്യ:ലീല (കാടങ്കോട്), മക്കൾ: വിവേക് (ഐ.ടി.ഐ വിദ്യാർഥി-പയ്യന്നൂർ യൂണിവേഴ്സൽ കോളേജ്), പൂജ (പ്ലസ് ടു വിദ്യാർഥിനി- നീലേശ്വരം രാജാസ് എച്ച്.എസ്.എസ്)



*ഒരിക്കലും മറക്കാനാവാത്ത ഓർമ്മകൾ ബാക്കിയാക്കി അകാലത്തിൽ ഞങ്ങളെ വിട്ടുപിരിഞ്ഞ പ്രിയ സഹപ്രവർത്തകൻ എം നാരായണന് കണ്ണീരിലലിഞ്ഞ യാത്രാമൊഴി. നാരായണന്റെ ആകസ്മിക നിര്യാണത്തിൽ ദുഖ:ാർത്ഥരായ കുടുംബത്തോടൊപ്പം ജില്ലാ ബാങ്ക് ഭരണ സമിതിയും ജീവനക്കാരും പങ്കുചേരുന്നു.*

## ചിത്രജാലകം



ക്രെഡിറ്റ് കൗൺസലിംഗ് സെന്ററിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കാർഷിക സെമിനാറിനോടനുബന്ധിച്ച് നാലിലാംകണ്ടം സ്കൂൾ പരിസരത്ത് ഡോ. കെ എം ശ്രീകുമാർ വൃക്ഷത്തെനടുന്നു.

### പ്രത്യേക നിക്ഷേപ സമാഹരണ യജ്ഞം വിജയിപ്പിക്കുക

*ദീപാവലി, മുഹറം, ക്രിസ്തുമസ് ...*
*പുണ്യദിനങ്ങൾ സംഗമിക്കുന്ന ഈ ധന്യമുഹൂർത്തത്തിൽ ഏവർക്കും കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിന്റെ ആശംസകൾ*

നൻമയുടെ നാളുകളിൽ മിച്ച സമ്പാദ്യം നിക്ഷേപിച്ച് സമ്പാദ്യത്തിന്റെ ഉന്നതപടവുകൾ കീഴടക്കാൻ ജില്ലാ സഹകരണ ബാങ്ക് പ്രത്യേക നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിക്കുകയാണ്. **400 ദിവസം വരെയുള്ള നിക്ഷേപങ്ങൾക്ക് 10 മുതൽ 10.5% വരെ പലിശ നൽകുന്ന സിൽവർപ്ലസ്** ഉൾപ്പടെ ആകർഷകമായ നിരവധി സ്കീമുകളാണ് നവംബർ ഒന്നിന് ആരംഭിച്ച പ്രത്യേക നിക്ഷേപ സമാഹരണ യജ്ഞത്തിൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്നത്. ജില്ലയുടെ സമ്പാദ്യം ജില്ലയുടെ വികസനത്തിന് എന്ന സന്ദേശവുമായി സംഘടിപ്പിക്കുന്ന നിക്ഷേപ സമാഹര യജ്ഞം വിജയിപ്പിക്കുന്നതിന് ഇടപാടുകാരും ജീവനക്കാരും ഉൾപ്പടെ എല്ലാവരും സഹകരിക്കണമെന്ന് അറിയിക്കുന്നു.


**മാനേജിംഗ് എഡിറ്റർ**
എ അനിൽ കുമാർ
ജനറൽ മാനേജർ

**ചീഫ് എഡിറ്റർ**
സി ബാലകൃഷ്ണൻ

**എഡിറ്റർ**
സി സഹദ്

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**
വി കൃഷ്ണൻ
എം പ്രവീൺകുമാർ
കെ മോഹനൻ
കെ അനീഷ്


## ജില്ലാ സഹകരണ ബാങ്കിൽ പ്രത്യേക നിക്ഷേപ സമാഹരണ യജ്ഞം ആരംഭിച്ചു

**കാസർകോട്:** ജില്ലാ സഹകരണ ബാങ്കിൽ നവംബർ ഒന്നു മുതൽ പ്രത്യേക നിക്ഷേപ സമാഹരണ യജ്ഞം ആരംഭിച്ചു. സമാഹരണ കാലയളവിൽ 400 ദിവസം വരെയുള്ള നിക്ഷേപങ്ങൾക്ക് 10 മുതൽ 10.5% വരെ പലിശ നൽകും. മുതിർന്ന പൗരൻമാരുടെ നിക്ഷേപങ്ങൾക്കാണ് 10.5% പലിശ നൽകുക. ജില്ലയുടെ സമ്പാദ്യം ജില്ലയുടെ വികസനത്തിന് എന്ന സന്ദേശവുമായി സംഘടിപ്പിക്കുന്ന നിക്ഷേപ സമാഹര യജ്ഞത്തിൽ ബാങ്കിന്റെ 36 ശാഖകൾ വഴി 65 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിന് പുറമെ ഹെഡ്ഓഫീസ് ജീവനക്കാരുടെ നേതൃത്വത്തിൽ 3.5 കോടി രൂപയും സമാഹരിക്കും. നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട് ഒരോ ശാഖകൾക്കും പ്രത്യേകം ലക്ഷ്യം നിശ്ചയിച്ചു നൽകിയിട്ടുണ്ട്.

## നിക്ഷേപ സമാഹരണവും കുടിശ്ശികപിരിവും കൂടുതൽ കാര്യക്ഷമമാക്കും

**കാസർകോട്:**ജില്ലാ സഹകരണ ബാങ്കിൽ പുതുതായി ആരംഭിച്ച പ്രത്യേക നിക്ഷേപ സമാഹരണവും വായ്പാ കുടിശ്ശികപിരിവും കൂടുതൽ കാര്യക്ഷമമാക്കാൻ ജനറൽ മാനേജർ എ അനിൽകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന അർദ്ധവാർഷിക അവലോകന യോഗം തീരുമാനിച്ചു. നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട് ശാഖകൾക്കും ജീവനക്കാർക്കും നൽകിയ ലക്ഷ്യം കൈവരിക്കാൻ ഒരോരുത്തരും ആത്മാർത്ഥമായി പരിശ്രമിക്കണമെന്നും വായ്പാ കുടിശ്ശിക പിരിവിൽ കൂടുതൽ ഗൗരവം കാണിക്കണമെന്നും ജനൽ മാനേജർ നിർദ്ദേശിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം കിട്ടാക്കടമായ മുഴുവൻ വായ്പകളിലുമുള്ള സർഫേസി, എ.ആർ.സി നടപടികൾ എത്രയും വേഗം പൂർത്തിയാക്കാനും യോഗം തീരുമാനിച്ചു.

## ചെറുകിട സംരംഭകത്വ സെമിനാർ സംഘടിപ്പിച്ചു

**ചുള്ളിക്കര:** കാസർകോട് ജില്ലാ സഹകരണ ബാങ്കിലെ ക്രെഡിറ്റ് കൗൺസലിംഗ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ (കൈത്താങ്ങ് ) നേതൃത്വത്തിൽ ജില്ലാ സഹകരണ ബാങ്ക് ചുള്ളിക്കര ശാഖയുടെ കീഴിൽ പ്രവർത്തിക്കുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കായി ചെറുകിട സംരംഭകത്വ സെമിനാർ സംഘടിപ്പിച്ചു. ചുള്ളിക്കര സെന്റ്മേരീസ് പാരിഷ് ഹാളിൽ നടന്ന സെമിനാർ ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. റീജ്യണൽ മാനേജർ കെ ജയരാജൻ അധ്യക്ഷതവഹിച്ചു. കുടുംബശ്രീ കൺസൾട്ടന്റ് എം പ്രഭാകരൻ, അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ എന്നിവർ ക്ലാസെടുത്തു. ശാഖാ മാനേജർ പി ചന്ദ്രശേഖരൻ സ്വാഗതം പറഞ്ഞു.

# സമഗ്ര ക്ഷീരവികസന പദ്ധതി: ശിൽപ്പശാല സംഘടിപ്പിച്ചു



*സമഗ്ര ക്ഷീരവികസന പദ്ധതി സർവ്വേയും ശിൽപ്പശാലയും പനത്തടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുപ്രിയ അജിത്ത് ഉദ്ഘാടനം ചെയ്യുന്നു.*

**കാസർകോട്:** ജില്ലാ സഹകരണ ബാങ്കിലെ ക്രെഡിറ്റ് കൗൺസലിംഗ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ(കൈത്താങ്ങ് ) നേതൃത്വത്തിൽ ജില്ലാ സഹകരണ ബാങ്ക് മാലക്കല്ല് ശാഖ, ബളാംതോട് ക്ഷീരോൽപ്പാദക സഹകരണ സംഘം, ഗോകുലം ഫാർമേഴ്സ് ക്ലബ്ബ് എന്നിവയുടെ സഹകരണത്തോടെ സമഗ്ര ക്ഷീരവികസന പദ്ധതി സർവ്വേ ഉദ്ഘാടനവും ശിൽപ്പശാലയും സംഘടിപ്പിച്ചു.

ബളാംതോട് ക്ഷീരോൽപ്പാദക സഹകരണ സംഘം കെട്ടിടത്തിൽ നടന്ന പരിപാടി പനത്തടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുപ്രിയ അജിത്ത് ഉദ്ഘാടനം ചെയ്തു. ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ അധ്യക്ഷതവഹിച്ചു. ബളാംതോട് ക്ഷീരോൽപ്പാദക സഹകരണ സംഘം അംഗങ്ങളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് വിതരണം പനത്തടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ ജെ ജയിംസും കണ്ടിജൻസി ഫണ്ട് വിതരണം മാലക്കല്ല് ശാഖാ മാനേജർ എം കെ മാധവൻ നായരും നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് അംഗം എം സി മാധവൻ, ഡോ. പി എം ജോസഫ്, ഗോകുലം ഫാർമേഴ്സ് ക്ലബ്ബ് സെക്രട്ടറി ദീപ രാധാകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. മിൽക്ക് പ്രൊക്യൂർമെന്റ് ഓഫീസർ കെ മാധവൻ, ക്ഷീരവികസന ഓഫീസർ കല്യാണി നായർ, ജില്ലാ സഹകരണ ബാങ്ക് കൃഷി ഓഫീസർ എം പ്രവീൺകുമാർ എന്നിവർ ക്ലാസെടുത്തു. ഗോകുലം ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് കെ എൻ സുരേന്ദ്രൻ നായർ സ്വാഗതവും ക്ഷീരോൽപ്പാദക സഹകരണ സംഘം സെക്രട്ടറി സി എസ് പ്രദീപ്കുമാർ നന്ദിയും പറഞ്ഞു.

## പാർട്ടൈം അഡ്മിനിസ്ട്രേറ്റർക്ക് യാത്രയയപ്പ് നൽകി




*സർവ്വീസിൽ നിന്നും വിരമിച്ച ജില്ലാ സഹകരണ ബാങ്ക് പാർട്ട് ടൈം അഡ്മിനിസ്ട്രേറ്റർ കെ ശ്രീധരൻ നായർക്ക് ജനറൽ മാനേജർ എ അനിൽകുമാർ ഉപഹാരം നൽകുന്നു.*

**കാസർഗോഡ്:**സർവ്വീസിൽ നിന്നും വിരമിച്ച കാസർകോട് ജില്ലാ സഹകരണ ബാങ്ക് പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററും സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാറുമായ കെ ശ്രീധരൻ നായർക്ക് യാത്രയയപ്പ് നൽകി.

ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ നേതൃത്വത്തിൽ ജില്ലാ സഹകരണ ബാങ്ക് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ ജനറൽ മാനേജർ എ അനിൽകുമാർ അധ്യക്ഷതവഹിച്ചു. ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ, സെയിൽ ഓഫീസർ യു സുധാകരൻ, പി എ ടു പ്രസിഡന്റ് വി കൃഷ്ണൻ, റീജ്യണൽ മാനേജർ എ ഗോപാലൻ, സൂപ്രണ്ട് കെ ശ്രീധരൻ എന്നിവർ പ്രസംഗിച്ചു. കെ ശ്രീധരൻ നായർ മറുപടി പ്രസംഗം നടത്തി. ഡെപ്യൂട്ടി ജനറൽ മാനേജർ എം കൃഷ്ണൻ സ്വാഗതവും സൂപ്രണ്ട് ബി സക്കീല നന്ദിയും പറഞ്ഞു.

## പി ഓമനയ്ക്ക് സ്നേഹ നിർഭരമായ യാത്രയയപ്പ്



*സർവ്വീസിൽ നിന്നും വിരമിച്ച ജില്ലാ സഹകരണ ബാങ്ക് ക്ലാർക്ക് പി ഓമനയ്ക്ക് ജനറൽ മാനേജർ എ അനിൽകുമാർ ഉപഹാരം നൽകുന്നു.*

**കാസർഗോഡ്:** സുത്യർഹ സേവനത്തിന് ശേഷം സർവ്വീസിൽ നിന്നും വിരമിച്ച കാസർകോട് ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക് പി ഓമനയ്ക്ക് യാത്രയയപ്പ് നൽകി.

ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ നേതൃത്വത്തിൽ ജില്ലാ സഹകരണ ബാങ്ക് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ ജനറൽ മാനേജർ എ അനിൽകുമാർ ഉപഹാരം നൽകി. ഡെപ്യൂട്ടി ജനറൽ മാനേജർമാരായ എം കൃഷ്ണൻ, എൻ കുഞ്ഞികൃഷ്ണൻ, പി എ ടു പ്രസിഡന്റ് വി കൃഷ്ണൻ, റീജ്യണൽ മാനേജർ എം പത്മാക്ഷൻ, സീനിയർ മാനേജർ ഇ ജനാർദ്ദനൻ, അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ, സൂപ്രണ്ട് ബി സക്കീല എന്നിവർ പ്രസംഗിച്ചു. പി ഓമന മറുപടി പ്രസംഗം നടത്തി. ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ സ്വാഗതവും പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് നന്ദിയും പറഞ്ഞു.

# കർഷകരിൽ ആവേശം പകർന്ന്
# കാർഷിക സെമിനാറും നടീൽ വസ്തു വിതരണവും

**കാസർകോട്:** ജില്ലാ സഹകരണ ബാങ്കിൽ നബാർഡിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ (കൈത്താങ്ങ്) ആഭിമുഖ്യത്തിൽ നാലിലാംകണ്ടം ഗവ. യു.പി സ്കൂൾ പി.ടി.എ യുടെ സഹകരണത്തോടെ കാർഷിക സെമിനാറും നടീൽ വസ്തുക്കളുടെ വിതരണവും സംഘടിപ്പിച്ചു.

നാലിലാംകണ്ടം ഗവ. യു.പി സ്കൂളിൽ നടന്ന പരിപാടി കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്തംഗം പി പ്രഭാകരൻ ഉദ്ഘാടനം ചെയ്തു. ടിഷ്യൂകൾച്ചർ വാഴക്കന്ന് വിതരണം ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ നിർവ്വഹിച്ചു. ജില്ലാ സഹകരണ ബാങ്ക് വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിവരുന്ന വിദ്യാനിധി നിക്ഷേപ പദ്ധതിയിൽ സ്കൂൾ തലത്തിൽ ഏറ്റവും കൂടുതൽ തുക നിക്ഷേപിച്ച അഞ്ജു , ഫർഹാന എന്നീ വിദ്യാർത്ഥികൾക്ക് പ്രധാനധ്യാപിക എ ലീല ഉപഹാരം നൽകി. പി.ടി.എ പ്രസിഡന്റ് വി കരുണാകരൻ അധ്യക്ഷത വഹിച്ചു. പി.എ.ടു പ്രസിഡന്റ് വി കൃഷ്ണൻ പ്രസംഗിച്ചു. പടന്നക്കാട് കാർഷിക കോളേജ് അസോസിയേറ്റ് പ്രൊഫസർ ഡോ. കെ എം ശ്രീകുമാർ, ജില്ലാ സഹകരണ ബാങ്ക് അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ എന്നിവർ ക്ലാസെടുത്തു. ചെറുവത്തൂർ ശാഖാ മാനേജർ എം തങ്കമണി സ്വാഗതവും സ്കൂൾ സ്റ്റാഫ് സെക്രട്ടറി സി വി ഗോവിന്ദൻ നന്ദിയും പറഞ്ഞു. തുടർന്ന് പരിപാടിയുടെ ഭാഗമായി സ്കൂൾ പരിസരത്ത് മാവിൻ തൈകൾ നട്ടു.



*കാർഷിക സെമിനാറിനോടനുബന്ധിച്ച് സംഘടിപ്പിച്ച നടീൽ വസ്തുക്കളുടെ വിതരണം ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ നിർവ്വഹിക്കുന്നു.*



*നാലിലാംകണ്ടം സ്കൂളിൽ ജില്ലാ ബാങ്ക് നടപ്പിലാക്കുന്ന വിദ്യാനിധി നിക്ഷേപ പദ്ധതിയിൽ കൂടുതൽ തുക നിക്ഷേപിച്ച വിദ്യാർത്ഥികൾക്ക് പ്രധാനധ്യാപിക എ ലീല ഉപഹാരം നൽകുന്നു.*


## സിൽവർ ജൂബിലി പ്രത്യേക നിക്ഷേപ പദ്ധതി

**400 ദിവസത്തേക്ക്**

**10% മുതൽ 10.5% വരെ പലിശ**

'ജില്ലയുടെ വികസനം സാധ്യമാക്കാൻ
ജില്ലാ സഹകരണ ബാങ്കിൽ നിക്ഷേപിക്കുക'

**കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് ലിമിറ്റഡ്**

ഹെഡ്ഓഫീസ് കാസർഗോഡ്, ഫോൺ – 04994 – 220118



Edited, Printed & Published by General Manager, Kasaragod District Co-operative Bank Ltd. (Free Circulation only)
Phone- 04994-220118, 230118.